# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 22/1785/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി, എറണാകുളം(ഉപരിപത്രം സഹിതം)
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 22/1785/21 തീയ്യതി: 18/06/2022

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-11-2021 മുതൽ 08-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ. വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-11-2021 | 08-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 24-11-2021 | 08-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യൂ. ബിജു ആന്റണി., ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.പി.മുഹമ്മദ് ഫാറൂഖ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. എം. ശിവപ്രസാദ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കെ.ആർ. രമാദേവി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കെ.വി.സന്ദീപൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീലജ വാഴക്കുന്നത്ത്. | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.വി.ഭരതൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 31-05-2019 |
| ശ്രീ. വി.എസ്. പ്രസാദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 19-08-2019 |
| ശ്രീ. ആർ. രാജു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-08-2019 | 04-09-2019 |
| ശ്രീമതി.സിനി.ടി.എൻ | സെക്രട്ടറി | 05-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പ്രസാദ്.വി.എസ്. | അസി.എഞ്ചിനീയർ | 01-04-2019 | 31-08-2019 |
| ശ്രീ. ഷിനോജ്. വി.എസ്. | അസി.എഞ്ചിനീയർ | 01-09-2019 | 31-03-2020 |
| ശ്രീമതി. ബിന. സി.എൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസര് | 01-04-2019 | 30-04-2019 |
| ശ്രീമതി. കാർത്ത്യായനി. വി.സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-05-2019 | 31-03-2020 |
| ഡോ. മുഹമ്മദ് ഷരിഫ് എം. കെ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2019 | 16-09-2019 |
| ഡോ. നവ്യാ അംബൂക്കൻ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 17-09-2019 | 13-10-2019 |
| ഡോ. മുഹമ്മദ് ഷരിഫ് എം. കെ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 14-10-2019 | 17-01-2020 |
| ഡോ. നവ്യാ അംബൂക്കൻ | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 18-01-2020 | 24-02-2020 |
| ഡോ. മുഹമ്മദ് ഷരിഫ് | മെഡിക്കൽ ഓഫീസർ ( | 25-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| എം. കെ | സി.എച്ച്.സി) (അലോപ്പതി) | | |
| ശ്രീമതി. ഷബാന .എസ്. എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-08-2019 |
| ഡോ. സമീർ ബാബു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-09-2019 | 27-02-2020 |
| ശ്രീമതി. ഷബാന .എസ്. എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 28-02-2020 | 31-03-2020 |
| ഡോ. അബ്ദുൾ വഹാബ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 19-11-2019 |
| ഡോ. ഷഫ്ന മറിയം .വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-11-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് മുബാറക്ക് | പ്രൻസിപ്പാള് | 01-04-2019 | 31-03-2020 |
| ഡോ. സുധീർ ബാബു. സി. | വെറ്റിനറി സർജൻ | 01-04-2019 | 09-10-2019 |
| ഡോ. രാജേഷ്. പി.ജി | വെറ്റിനറി സർജൻ | 10-10-2019 | 31-03-2020 |
| ശ്രീമതി. സുമ്പുല | കൃഷി ഓഫീസർ | 01-04-2019 | 22-09-2019 |
| ശ്രീമതി. അബിത ജോസഫ് | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: K.V.Rajan (Senior Grade Auditor, On 08-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-01-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Biju Antony (Audit Officer, On 12-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-01-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 08-12-2021)<br>Last Updated By: K.V.Rajan (Senior Grade Auditor, On 23-01-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസിന്റെ പരിശോധന<br>Written By: Sandeep KV (Auditor, On 08-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-01-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Biju Antony (Audit Officer, On 27-01-2022) | 1-10 |
| 13 | തൊഴിൽ നികുതി പിരിവ് - നിരീക്ഷണങ്ങൾ<br>Written By: Sandeep KV (Auditor, On 11-12-2021)<br>Last Updated By: Sandeep KV (Auditor, On 03-02-2022) | 1-11 |
| 14 | റേഷൻ കടകൾ - സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കണം<br>Written By: Sandeep KV (Auditor, On 11-12-2021)<br>Last Updated By: Sandeep KV (Auditor, On 03-02-2022) | 1-11-1 |
| 15 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Sandeep KV (Auditor, On 11-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-11-2 |
| 16 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം | 1-11-3 |

| | | |
|---|---|---|
| | Written By: Sandeep KV (Auditor, On 11-12-2021)<br>Last Updated By: Sandeep KV (Auditor, On 03-02-2022) | |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sandeep KV (Auditor, On 03-02-2022)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-11-4 |
| 18 | രസീതികളുടെ സൂക്ഷിപ്പിലും ഉപയോഗത്തിലും കാണപ്പെട്ട അപാകതകൾ<br>Written By: Sandeep KV (Auditor, On 12-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-12 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - തുടർനടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 23-01-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 23-01-2022) | 1-13 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-13-1 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-13-2 |
| 22 | ബൈലോകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-14 |
| 23 | ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകൽ - ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-14-2 |
| 24 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-16 |
| 25 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - പുതുക്കിയ ചട്ടങ്ങൾ പാലിക്കേണ്ടതാണ്<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-17 |
| 26 | വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി- അവലോകനം<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-18 |
| 27 | ദുരിതാശ്വാസ നിധി<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-01-2022) | 1-19 |
| 28 | സാമൂഹികാരോഗ്യകേന്ദ്രത്തിലെ കാന്റീൻ കൈമാറൽ -ക്രമപ്രകാരമല്ല<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-20 |
| 29 | മെഡിക്കൽ ഓഫീസർ (സി എച്ച് സി) - പ്രൊജക്ട് നിർവ്വഹണത്തിന് ഒന്നിലധികം കാഷ് ബുക്കുകൾ പരിപാലിക്കുന്നു<br>Written By: K.V.Rajan (Senior Grade Auditor, On 11-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-21 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതികൾ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-22 |
| 31 | വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഫണ്ട് ലാപ്സ് ആയി<br>Written By: M.sivaprasad (Asst. Audit Officer, On 10-12-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 03-02-2022) | 1-23 |

| | | |
|---|---|---|
| 32 | മെഡിക്കൽ ഓഫീസർ(ഹോമിയോ) ക്യാഷ് ബുക്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 10-12-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 03-02-2022) | 1-24 |
| 33 | ഗുണഭോക്തൃ വിഹിതം പിരിവ് - നഗരസഭ രശീതി ഉപയോഗിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 09-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-25 |
| 34 | പദ്ധതി രൂപീകരണ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 09-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-26 |
| 35 | ഐ സി ഡി എസ് സൂപ്പർവൈസർ ജി.എസ്.ടി ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 09-12-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 30-01-2022) | 1-27 |
| 36 | ക്ഷീരകർഷകർക്ക് മിൽക്ക് ഇന്സന്റീവ്- സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-28 |
| 37 | എസ്.സി പെൺകുട്ടികളുടെ വിവാഹ ധനസഹായം- രേഖകൾ ഹാജരാക്കിയില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 03-02-2022) | 1-29 |
| 38 | പ്രവൃത്തി പൂർത്തീകരണം വൈകിയതിനുള്ള പിഴ ഈടാക്കിയില്ല - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു<br>Written By: Biju Antony (Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-30 |
| 39 | എഗ്രിമെന്റ് ചമയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു<br>Written By: Biju Antony (Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-31 |
| 40 | ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു<br>Written By: Biju Antony (Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-32 |
| 41 | പ്രവൃത്തിയിലെ ഇനങ്ങൾ ഭാഗികമായി മാത്രം നിർവ്വഹിച്ചു - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Biju Antony (Audit Officer, On 06-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-33 |
| 42 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല - ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി<br>Written By: Biju Antony (Audit Officer, On 07-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-34 |
| 43 | കുടിവെള്ള പദ്ധതിയുടെ കിണർ കുഴിച്ച സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകിയിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെതുടർന്ന് നടപടികൾ ആരംഭിച്ചു<br>Written By: Biju Antony (Audit Officer, On 07-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-35 |
| 44 | ഇ-ടെണ്ടർ ഫോറം വില മുനിസിപ്പൽ ഫണ്ടിലേക്ക് കൈമാറ്റേണ്ടതാണ്<br>Written By: Biju Antony (Audit Officer, On 08-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 1-36 |
| 45 | സർക്കാർ അനുമതിയില്ലാതെ ദിവസ വേതന നിയമനം- ചെലവു തുക | 1-37 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | |
| 46 | നഗരസഭകളുടെ അസാധാരണച്ചെലവ്- വാർഷിക പരിധി ഉറപ്പാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 11-12-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 27-01-2022) | 1-38 |
| 47 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-39 |
| 48 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 12-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-40 |
| 49 | പ്രൊജക്ട് നിർവഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-41 |
| 50 | PMAY ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 1-42 |
| 51 | HM നിർവഹിച്ച പ്രൊജക്ടുകൾ- ക്യാഷ് ബുക്ക്, ട്രഷറി ബിൽബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 10-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 12-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 07-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Biju Antony (Audit Officer, On 12-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Biju Antony (Audit Officer, On 12-12-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 04-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 23-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 12-12-2021)<br>Last Updated By: Anish A (Computer Assistant, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 12-12-2021)<br>Last Updated By: Biju Antony (Audit Officer, On 06-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

25-2-2019 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 128372071 |
| വരവ് | 692351246 |
| ആകെ | 820723317 |
| ചെലവ് | 781542665 |
| നീക്കിബാക്കി | 39180652 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 8-7-2020 | - | - |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വാർഷിക കണക്കുകൾ പ്രകാരം റസീപ്റ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 5157804 രൂ. വരവും 3867740 രൂ. ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മുന്നിരിപ്പ് 4134347 രൂപയും നീക്കിയിരുപ്പ് 2757021 ആണ് എന്നത് വാർഷിക കണക്കുകൾ, ബാങ്ക് ബുക്ക്, പാസ്ബുക്കുകൾ പ്രകാരം വ്യക്തമായിരിക്കെ ചെലവ് യഥാർത്ഥത്തിൽ വരേണ്ടത് 6535130 ആണ്. കാരണം വിശദീകരിച്ചിട്ടില്ല.

2) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) സുലേഖ സ്റ്റേറ്റ്മെന്റിൽ പല പ്രോജക്ടുകളും ഇരട്ടിപ്പ് വന്നതായി കാണുന്നു. (ഉദാ . 1) പ്രോജക്ട് നം. SO.348/20- വിവിധ എൽ.ഐ. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, SO.435/20- വിവിധ എൽ.ഐ. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 2) പ്രോജക്ട് നം. SO.464/20- കൊഴിഞ്ഞിപ്പള്ളിയാലിൽ കുടിവെള്ള പദ്ധതി, പ്രോജക്ട് നം SO. 321/20-കൊഴിഞ്ഞിപ്പള്ളിയാലിൽ കുടിവെള്ള പദ്ധതി). ആയതിനാൽ ആകെ ചെലവിൽ വ്യത്യാസം സംഭവിക്കാൻ ഇടയാകുന്നതാണ്.

4) ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സചിത്ര സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

5) മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുന്ന ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആസ്തികളായി മാറുമ്പോൾ ജേണൽ എൻട്രിയിലൂടെ അസ്സറ്റായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23503339 |
| വരവ് | 208108214 |
| ആകെ | 231611553 |
| ചെലവ് | 192273556 |

| | |
|---|---|
| നീക്കിയിരിപ്പ് | 39337997 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | | 13218473 * | 13218473 | 13215524 ** | 2949 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | | 17778000 *** | 17778000 | 12955556 **** | 4822444 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 19713000 | 19713000 | 13137874 | 6575126 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4049000 | 4049000 | 821727 | 3227273 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 8716000 | 8716000 | 876854 | 7839146 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | PMAY | 64841 (23000 +41841) | 40568770 | 40633611 | 27168430(Grant)+ 3970000(B.C) 31138430 | 9495181 |
| | സ്വച്ഛ് ഭാരത് മിഷൻ | 5280224 | 0 | 5280224 | 390565 | 4889659 |
| | NULM | 736350 | 543944 | 1280294 | 859002 | 421292 |

* 7516739 (Allotment) + ജി.ഓ പ്രോജക്റ്റ് പ്രകാരമുള്ള 4613334 (Life-Loan Repayment) + 1088400 (Honourarium) എന്നിവ ഉൾപ്പെടെ.
** ജി.ഓ പ്രോജക്ടുകളായ 4613334(Life-Loan Repayment) + 1088400(Honourarium) എന്നിവ ഉൾപ്പെടെ.

*** 16911334(Allotment) + ജി.ഓ പ്രോജക്റ്റ് പ്രകാരമുള്ള 866666 എന്നിവ ഉൾപ്പെടെ.

**** ജി.ഓ. പ്രോജക്ടുകളായ 866666 (Life Repayment) ഉൾപ്പെടെ.
*****40418770+75000(B.C)+75000 (PMAY Grant Returned ) ഉൾപ്പെടെ

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 428 | 124167482 | 174 | 59148182 | 0 | 254 | 40.6 |

നിർവ്വഹണോ ദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | എണ്ണം | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 3 | 5468000 | 3598597 | 66 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4 | 6206260 | 3619216 | 58 |
| സെക്രട്ടറി | 53 | 33 | 36506950 | 22771513 | 62 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 340 | 119 | 69772172 | 25974201 | 37 |
| മെഡിക്കൽ ഓഫീസർ-CHC | 2 | 2 | 1000000 | 499205 | 50 |
| പ്രിൻസിപ്പാൾ ഹയർ സെക്കണ്ടറി സ്കൂൾ | 9 | 7 | 2571600 | 897700 | 35 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 1050000 | 1050000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 250000 | 250000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 1342500 | 487750 | 36 |
| ആകെ | 428 | 174 | 124167482 | 59148182 | 48 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 4134347 ( R&Pപ്രകാരം) | 5000000 + 157804(പലിശ) | 9292151 | ദാരിദ്ര്യനിർമാർജനം 5848714/- കൂലി 173982 ഭരണച്ചെലവുകൾ 512434 | 2757021 |
| ആകെ | 4134347 | 6535130 | 9292151 | 6535130 | 2757021 |

## 1-7 ക്ഷേമ പദ്ധതികൾ

2019-20 നഗരസഭയിൽ നടപ്പാക്കിയ വിവിധ സാമൂഹ്യസുരക്ഷ-ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23880.00 | 18 |
| കർഷക തൊഴിലാളി പെൻഷൻ | 3,476,400.00 | 250 |
| വിധവാ പെൻഷൻ | 9,110,400.00 | 1631 |
| വാർദ്ധക്യകാല പെൻഷൻ | 14,567,400.00 | 3130 |
| വികലാംഗ പെൻഷൻ | 2,766,000.00 | 515 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,129,800.00 | 206 |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല

നഗരസഭയിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ഓഡിറ്റ് തീയതിയിലെ എണ്ണവും

നിലവിൽ പ്രതിമാസം പെൻഷന വേണ്ടി ചെലവഴിക്കേണ്ട തുകയും സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെ ചേർക്കുന്നു.

| ക്രമ നം. | സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗം | നിരക്ക് | ഗുണഭോക്താകളുടെ എണ്ണം | പ്രതിമാസം ആവശ്യമായ തുക |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1600 | 643 | 1028800 |
| 2 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | 3320 | 5312000 |
| 3 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | 1600 | 520 | 832000 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1600 | 218 | 348800.00 |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 1600 | 1731 | 2769600 |
| ആകെ | | | 6432 | 10291200 |

സാമൂഹ്യ സുരക്ഷ പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ, പെൻഷൻ വിതരണം മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/സർക്കുലറുകൾ എന്നിവ യഥാസമയം നടപ്പിലാക്കാത്തതിനാൽ ഓഡിറ്റ് വർഷം താഴെ പറയുന്ന അപാകങ്ങൾ / ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

1) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ ഏജൻസികളായ ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ലി., 2019-20 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, പുനർ വിവാഹം നടത്തിയതിനാലോ, മറ്റ് കാരണങ്ങളാലോ പെൻഷൻ വിതരണം നടത്താതിരുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വിതരണം നടത്താത്ത ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2019-20 | 541 | 2781800 |

വിതരണം ചെയ്യാത്ത പെൻഷൻ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 വർഷം വിതരണം ചെയ്യാത്ത തുകകൾ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 3/25.11.21 നെ തുടർന്ന് ലഭ്യമാക്കിയ രേഖകൾ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഏജൻസിയുടെ പേര് | 2019-20 |
|---|---|
| ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ലി. | 2781800 |

പെൻഷൻ തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ പെൻഷൻ തരം, ബാച്ച്,

ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുൾപ്പെടെ ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 ഖ. 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനായിരുന്നു. കൂടാതെ ഇതേ ഉത്തരവിലെ ഖ. 13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരം ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട നഗരസഭയെ അറിയിക്കേണ്ടതും നഗരസഭാ സെക്രട്ടറി, അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.
വിതരണ ഏജൻസികൾ/അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം വിവരങ്ങൾ ശേഖരിച്ച് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്ന പ്രക്രിയ നഗരസഭയിൽ നടക്കുന്നില്ല.

3) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 ഖ.15 ൽ വ്യക്തമാക്കിയിട്ടുണ്ട്.
ബാങ്ക് അക്കൗണ്ട് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞതിനെ തുടർന്ന് 2019-20 വർഷം അവകാശികൾ പെൻഷൻ തുക തിരിച്ചടച്ചതിന്റെ കൃത്യമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

4) സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 ഖ.4(iii) അനുസരിച്ച് നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാവാത്തതിനാൽ, അവർക്ക് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും, ഖ. 4(ii) പ്രകാരം ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്ന് മേൽ ഉത്തരവ് ഖ.4(iv) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നഗരസഭയിൽ നടപ്പാക്കിയിട്ടില്ല.

സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 ൽ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പുറവെടുവിച്ചിട്ടുണ്ട്. ഖ. 21 പ്രകാരം അപേക്ഷകൾ പരിശോധിക്കാതെയും മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായി അനർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുകയും വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ഉത്തരവാദി ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയും, അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 9.8.21 ലെ ജി1/79/18 -ാം നമ്പർ ഉത്തരവ് പ്രകാരം അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറെയും, നഗരസഭ സൂപ്രണ്ടിനേയും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഓഡിറ്റ് നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

I) സർക്കുലർ നം 67/2020 തീയതി 5.11.20 ഖണ്ഡിക 2 പ്രകാരം, മരണമടഞ്ഞവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് ഉണ്ടാവുന്ന സാമ്പത്തിക നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.97/2020 തീയതി 23/9/2020 അനുസരിച്ച് മരണമടഞ്ഞവരെയും, അനർഹരെയും (*2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ, താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ,*

*കുടുംബത്തിൽ 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എസി വാഹനങ്ങൾ ഉള്ളവർ, ആദായനികുതി നൽകുന്നവർ, ഗുണഭോക്താവിന്റെയോ, കുടുംബത്തിന്റെയോ പേരിൽ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ, ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിഞ്ഞവർ മുതലായ*) പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) ഓരോ ബാച്ച് പെൻഷൻ വിതരണം ചെയ്തതിനു ശേഷവും വിതരണം ചെയ്യാത്ത പെൻഷൻ തുക തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കി തിരിച്ചടച്ച തുകകൾ സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. നഗരസഭയിലെ പെൻഷൻ ഹോം ഡെലിവറി ഏജൻസിയിൽ നിന്നും ഗുണഭോക്താക്കൾ മരണമടഞ്ഞതിനാലോ, സ്ഥലത്തില്ലാത്തതിനാലോ വിതരണം ചെയ്യാത്ത പെൻഷൻ തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ പെൻഷൻ തരം, ബാച്ച്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുൾപ്പെടെ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

III) ഓരോ ബാച്ച് പെൻഷൻ വിതരണം പൂർത്തിയാകുമ്പോഴും വിതരണ ഏജൻസിയിൽ നിന്നും മരണമടഞ്ഞവരും പുനർവിവാഹം ചെയ്തവരും ആയ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കി മതിയായ പരിശോധനയുടെ അടിസ്ഥാനത്തിൽ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

IV) മരണമടഞ്ഞവരുടെയും, പുനർവിവാഹം ചെയ്തവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാർ/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

V) നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അവരെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന ദിവസം തന്നെ, പെൻഷൻ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

VI) ബാങ്ക് മുഖേന പെൻഷൻ വാങ്ങുന്ന പെൻഷനർമാർ മരണമടഞ്ഞിട്ടും അവകാശികൾ പെൻഷൻ തുക അനർഹമായി കൈപ്പറ്റിയ കേസുകളിലും, മറ്റു കാരണങ്ങളാൽ അനർഹമായി പെൻഷൻ വാങ്ങിയ സംഗതികളിലും തുക തിരികെ ഈടാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

VII) സ.ഉ(എംഎസ്)നം.97/2020 തീയതി 23/9/2020 ലെ നിർദ്ദേശങ്ങൾ പ്രകാരം അനർഹമായി വിധവാ പെൻഷൻ വാങ്ങുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

VIII) സർക്കുലർ നം. 63/2021/ധനം തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതതുമാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം പത്താം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്. ഈ നിർദ്ദേശം അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

IX) പെൻഷൻ വിതരണം, പെൻഷൻ ഡാറ്റാബേസ് കാലികമാക്കൽ എന്നീ കാര്യങ്ങളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഊർജ്ജിത ഇടപെടപെടലുകൾ ആവശ്യമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസിന്റെ പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 55682/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

1. നഗരസഭ വിവിധ ഏജൻസികൾക്ക് ഡപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിനശേഷം തിരികെ ലഭ്യമാക്കിയ തുക സർക്കാരിന്റെ

കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുന്നതിനും, ഡപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നഗരസഭ തുടർ നടപടികൾ കൈക്കൊള്ളുന്നില്ല.

2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയ്ഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത്, നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
3. 16.1.2016 ലെ എ.ബി.2/703/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലേക്കു വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. ലൈസൻസ്, തൊഴിൽ നികുതി എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവ ക്രമ നമ്പർ രേഖപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നില്ല.
5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല.
6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.
7. വിവിധ ജീവനക്കാർ നിർവ്വഹിക്കേണ്ട ജോലി കൃത്യമായി നിർണ്ണയിച്ച് നൽകുന്നതിനായി സെക്ഷൻ അടിസ്ഥാനത്തിൽ ജോലി വിഭജന രേഖ തയ്യാറാക്കി ചുമതല ഏൽപിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
8. ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും നിർബന്ധിത റിക്കവറികൾ ഈടാക്കുന്നതിലും, ഈടാക്കിയ റിക്കവറി തുകകൾ യഥാസമയം ഒടുക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിലും, പി.എഫ് ചട്ടപ്രകാരമാണോ താൽക്കാലിക വായ്പകൾ അനുവദിക്കുന്നതെന്ന് ഉറപ്പാക്കുന്നതിലും മേൽനോട്ട സംവിധാനം കാര്യക്ഷമമല്ല.
9. കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉപേക്ഷ മൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3) ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ അഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിന് ശേഷം പെർഫോർമൻസ് ഓഡിറ്റ് നടന്നിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2018 | 2013-14മുതൽ 2017-18 വരെ | 17-01-19 |

1-11 തൊഴിൽ നികുതി പിരിവ് - നിരീക്ഷണങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ , കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് നിരീക്ഷണങ്ങൾ തുടർഖണ്ഡികളായി ചേർക്കുന്നു

1-11-1 റേഷൻ കടകൾ - സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2019-20 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന 13 റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-2 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ , കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ 2019-20 വർഷം ഫാക്ടിയോസ് ലൈസൻസ് അനുവദിച്ച നിരവധി സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | ഇൻഫ്രാ ഗ്രാനൈറ്റ് എൽ എ | I/231 |
| 2 | ട്രൈക്കോൺ ഫുഡ് പ്രൊഡക്ട്സ് | 16/299 |
| 3 | വള്ളുവനാട് മെഡിക്കൽ സെന്റർ & ക്ലിനിക്ക് | 1/579 |
| 4 | ന്യൂ മാർക്കറ്റ്സ് ഇന്ത്യ | 2/102(1) |
| 5 | ഫ്രണ്ട്സ് സോ മിൽ | 2/241 |

| | | |
|---|---|---|
| 6 | മലബാർ സ്റ്റീൽ എഞ്ചിനിയറിങ്ങ് | 2/260 |
| 7 | പി ടി എച്ച് ഗ്രാനൈറ്റ്സ് | 2/272 |
| 8 | ബ്രദേഴ്സ് ഇൻഡസ്ട്രീസ് | 2/505 |
| 9 | ഇർഫാദ് സെറാമിക്സ് | 2/239 |
| 10 | നാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 3/618 |
| 11 | സിദ്ധാർഥ് മെഡിക്കൽസ് | 4/1429 |
| 12 | കെ പി എം സാനിറ്റേഷൻസ് & ഹാർഡ്വെയേഴ്സ് | 5/188 |
| 13 | നെച്ചിയിൽ ആയുർവേദ നഴ്സിങ്ങ് ഹോം | 5/300 |
| 14 | എമികാ മാർക്കറ്റിങ്ങ് | 5/188-1 |
| 15 | പവിത്രം ഗ്യാസ് ഏജൻസീസ് | 6/656 |
| 16 | മൗലാന മെഡിക്കൽ സ്റ്റോഴ്സ് | 6/700 |
| 17 | ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ഓപ്പറേറ്റേഴ്സ് വ്യവസായ സഹകരണ സംഘം | 6/765 |
| 18 | ശ്രേയസ് ഫാർമ | 6/781 |
| 19 | ചൈതന്യ ഫാർമ | 6/785 |
| 20 | കെ പി എം ഡിസ്ട്രിബ്യൂട്ടേഴ്സ് | 6/870 |
| 21 | ലക്ഷ്മി മെഡിക്കൽസ് | 6/1008 |
| 22 | ദീപ റെസ്റ്റോറന്റ് | 6/1259 |
| 23 | എം എ സൺസ് ജ്വല്ലേഴ്സ് | 6/1295 |
| 24 | യൂണിറ്റി ദന്താശുപത്രി | 6/1455 |
| 25 | ബഫാന മെഡിക്കൽസ് | 6/1461 |
| 26 | റിലയൻസ് റീട്ടയിൽസ് ലി (ട്രെൻഡ്സ്) | 6/1502 |
| 27 | ഹസ്ന ഗ്യാസ് ഏജൻസീസ് | 6/1595 |
| 28 | ലൈഫ് ലൈൻ ഫാർമ | 6/1962 |
| 29 | ടീം തായ് ആഷിക്ക് എന്റർപ്രൈസസ് | 6/1997 |
| 30 | ഫ്ലോർ കളക്ഷൻസ് | 7/552 |
| 31 | ഗ്രാന്റ് ഹ്യൂണ്ടായ് | 9/340 |
| 32 | ഇൻഡസ് മോട്ടോഴ്സ് | 9/368 |
| 33 | നിള ബേക്ക് ഹൗസ് | 13/1394 |
| 34 | സാമിയ വെഡ്ഡിങ്ങ് സെന്റർ | 16/240 |
| 35 | മിറാക്കിൽ മൊമ്മെന്റ്സ് | 13/1434 |
| 36 | ജനസേവ മെഡിക്കൽസ് | 13/1473 |
| 37 | മെൽക്കോ ട്രേഡ് സെന്റർ | 13/1949 |
| 38 | പോപ്പുലർ ഇൻഫോ മീഡിയ | 13/1979 |
| 39 | ലൈഫ് കെയർ ഡയഗ്നോസ്റ്റിക്സ് | 13/2048 |
| 40 | മർക്കസ് ഹാദിയ വുമൺസ് കോളേജ് | 13/1699 |
| 41 | ഷീ ഫാർമസി | 13/578 |
| 42 | മിഥില റീജൻസി | 14/489 |
| 43 | ഷാല്യ ഫ്യൂവൽസ് | 15/186 |
| 44 | ശ്രീ ശാസ്ത ഫ്യൂവൽസ് | 15/445 |
| 45 | ചീരൻസ് ഓട്ടോ ഏജൻസീസ് | 15/551 |
| 46 | എ എം മോട്ടോഴ്സ് | 165/562 |
| 47 | എ എം വീങ്ങ്സ് | 16/572 |
| 48 | സുധർമ ലാബ് | 17/252 |
| 49 | രശ്മി ലാബ് & മെഡിക്കൽസ് | 17/310 |
| 50 | Momely SuperMarket | 17/261 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 34/08-12-2021)

1-11-3 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. എന്നാൽ 2019-20 ഒന്നും രണ്ടും അർധ വർഷങ്ങളിൽ ചെർപ്പുളശ്ശേരി സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ചെർപ്പുളശ്ശേരി സബ് രജിസ്ട്രാർ/പാലക്കാട് ജില്ലാ രജിസ്ട്രാറിൽ നിന്നും ചെർപ്പുളശ്ശേരി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, ചെർപ്പുളശ്ശേരി ജില്ലാ ട്രെഷറി ഓഫീസിൽ നിന്നും സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം 34/08-12-2021)

1-11-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | BSNL ചെർപ്പുളശ്ശേരി | 1 |
| 2 | ചെർപ്പുളശ്ശേരി കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി | 2 |
| 3 | ആൽഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1&2 |
| 4 | Pinnacle Montissorie School | 1&2 |
| 5 | ജിയോജിത് ഫിനാൻസ് | 1&2 |
| 6 | റുബികോൺ ഇൻഡസ്ട്രീസ് ലി | 2 |
| 7 | ദേവി സിനിമാസ് | 2 |
| 8 | ജനമിത്ര ആയുർവേദ ഹോസ്പിറ്റൽ | 1 & 2 |
| 9 | വള്ളുവനാട് ക്ലിനിക് | 1 & 2 |
| 10 | വനിതാ സഹകരണസംഘം | 1 & 2 |
| 11 | പോസ്റ്റോഫീസ്, പന്നിയംകുറുശ്ശി | 2 |
| 12 | ഫാർക്കോ ടെക്ക്നോളജി ഫർണിച്ചർ | 1 |
| 13 | നാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1 |
| 14 | മാങ്ങോട് സർവീസ് സഹകരണ ബാങ്ക് | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 രസീതികളുടെ സൂക്ഷിപ്പിലും ഉപയോഗത്തിലും കാണപ്പെട്ട അപാകതകൾ

തൻവർഷം നഗരസഭയിൽ 2 മാന്വൽ രസീതി ബുക്കുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ടി ബുക്കിലെ രസീതികളിലൂടെ ലഭിച്ച തുകകൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീതി

ബുക്കുകൾ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരോ, ഒപ്പോ സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഫീസ് ഉപയോഗത്തിന് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഔട്ട് ഡോർ കളക്ഷനവേണ്ടി രസീതി ബുക്കുകൾ ആരും ഉപയോഗിച്ചതായി കാണുന്നില്ല. നികുതികളും ഫീസുകളും ക്യാമ്പ് കളക്ഷനിലൂടെയോ ഫീൽഡിൽ നേരിട്ട് പോയോ സ്വീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നഗരസഭ നടത്തിയിട്ടില്ല.

തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീതി ബുക്കുകൾ നഗരസഭയിൽ നിന്ന് നൽകിയിട്ടില്ല. കൃഷി ഓഫീസർ TR5 രസീതികളാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീതി ബുക്കുകൾ നൽകുന്നതിനും രസീതി ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി - തുടർനടപടികൾ സ്വീകരിക്കണം

മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിക്കുന്നതിലും , അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലും , മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം പിരിച്ചെടുക്കുന്നതിലും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.നിരീക്ഷണങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

1-13-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല

നഗരസഭയിലെ ഫയൽ നം. ആർ 1/5949/21 ൽ നഗരസഭാ പരിധിയിലെ 14 മൊബൈൽ ടവറുകളുടെ പട്ടിക ചേർത്തിട്ടുണ്ട്. എന്നാൽ 33 വാർഡുകളുള്ള നഗരസഭ പരിധിയിൽ കേവലം 4 മൊബൈൽ ടവറുകളുടെ വസ്തുനികുതി മാത്രമാണ് സഞ്ചയയിൽ ഉൾപ്പെട്ടിട്ടുള്ളൂവെന്ന് പരിശോധയിൽ ബോധ്യപ്പെട്ടു.
സെക്രട്ടറിയുടെ ഉത്തരവ് നം. ആർ1/5949/21 തീയതി 19.4.21 പ്രകാരം സഞ്ചയയിൽ ഉൾപ്പെടാത്ത നഗരസഭാ പരിധിയിലെ മൊബൈൽ ടവറുകളുടെ ഡാറ്റ ശേഖരിച്ച് വസ്തു നികുതി കണക്കാക്കുന്നതിനായി ശ്രീ. ആർ ശിവകുമാർ (സൂപ്രണ്ട്), ശ്രീ വി സി അശോകൻ (റവന്യൂ ഇൻസ്പെക്ടർ), ശ്രീ.നിബിൻ എം എസ് (ഡ്രൈവർ) എന്നീ ജീവനക്കാരെ നിയോഗിക്കുകയും, ഒരു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിനും ഉത്തരവായിരുന്നു.
ഈ സ്ക്വാഡ് സമർപ്പിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.18/തീ.30.11.2021 ന് സമർപ്പിച്ച മറുപടി പ്രകാരം കോവിഡ്-19 ലോക്ക്ഡൗൺ മൂലം ഡാറ്റാശേഖരണം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലെന്നും, കണ്ടെത്തിയ 6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ്.
എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും അവരുടെ പരിധിയിൽ അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനും ആയതിന്റെ കുടിശ്ശികയുൾപ്പടെയുള്ള നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനും ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്ന് വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണവകുപ്പ് 19.10.14-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ടവറുകളുടെ കാര്യത്തിൽ 1994 ലെ കേരള മുനിസിപ്പൽ ആക്ടും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസും പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ റഗുലറൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മൊബൈൽ ടവറുകളുടെയും അനുബന്ധ ഡി.ജി.റൂം, ഷെൽറ്റർ എന്നിവയുടെയും കൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി അടിയന്തിരമായി നിർണ്ണയിക്കുകയും ടവറുകൾ സ്ഥാപിച്ച വർഷം മുതലുള്ള കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം 33 വാർഡുകളുള്ള നഗരസഭ പരിധിയിൽ 4 മൊബൈൽ ടവറുകളുടെ വസ്തുനികുതി മാത്രമേ ഡിമാന്റ് ചെയ്തിട്ടുള്ളു. ഇവയുടെ വാർഷിക വസ്തു നികുതി നിർണ്ണയം, പിരിവ് എന്നിവ സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേരും വിലാസവും | വിസ്തീർണ്ണം | തുക | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 3/429 | ഹംസ ഹാജി, പുൽമാൻതൊടി , 679506 | 24 | 9660 | ചെർപ്പുളശ്ശേരി -പെരിന്തൽമണ്ണ റോഡിൽ സ്ഥിതി ചെയ്യുന്ന ഈ ടവർ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഭൗതിക പരിശോധന നടത്തി വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. സഞ്ചയയിലെ ഡാറ്റ പ്രകാരം 2016-17 മുതലുള്ള വസ്തു നികുതി (രൂപ.57960.00) കുടിശ്ശികയായുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2 | 9/47(1) | ഇൻഡസ് ടവർ ലിമിറ്റഡ്, കൊച്ചിൻ-24 | 36.84 | 23303 | 2019-20 വർഷത്തെ വസ്തു നികുതി ഉൾപ്പെടെ രൂ.34959.00 കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 3 | 1/34(1) | ഇൻഡസ് ടവർ ലിമിറ്റഡ്, കൊച്ചിൻ-24 | 14.23 | 9819 | ഈ ടവറിന്റെ വിസ്തീർണ്ണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. 2019-20 വർഷത്തെ വസ്തു നികുതി ഉൾപ്പെടെ രൂ.29457.00 കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4 | 26/101 | BSNL, പന്നിയാംകുറിശ്ശി-679503 | 12 | 6900 | 2019-20 വർഷത്തെ വസ്തു നികുതി ഉൾപ്പെടെ രൂ.41400.00 കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |

മൊബൈൽ ടവറുകളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിനും കുടിശ്ശിക

നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ബൈലോകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾക്ക് അനുസൃതമായി നഗരസഭയിലെ ഷോപ്പിങ്ങ് കോംപ്ലക്സുകൾ, കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിനും, കുത്തകാവകാശങ്ങൾ ലേലം മുഖേന കൈമാറുന്നതിനും ബൈലോകൾ തയ്യാറാക്കി അംഗികാരം നേടിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 567 (ബൈലോകൾ ഉണ്ടാക്കാൻ കൗൺസിലിനുള്ള അധികാരം) പ്രകാരം കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതിനും, കുത്തകാവകാശങ്ങൾ കൈമാറുന്നതിനും ബൈലോകൾ തയ്യാറാക്കി പാസ്സാക്കുകയും ചെയ്തതിനു ശേഷം സർക്കാരിലേക്കോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ അംഗീകാരത്തിനായി നഗരസഭ അയയ്ക്കേണ്ടതുമാണ്. ബൈലോകളുടെ അഭാവത്തിൽ വാടക /കുത്തകാവകാശം ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-2 ഷോപ്പിംഗ് കോപ്ലക്സുകൾ വാടകക്ക് നൽകൽ - ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കണം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 അനുസരിച്ച് നഗരസഭ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. 2019-20 കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും അർഹമായ സംവരണ പ്രകാരം മുറികൾ അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | സംവരണം ചെയ്യേണ്ടവ |
|---|---|---|
| ആകെ മുറികളുടെ എണ്ണം | 29 | - |
| പ്രവർത്തന ക്ഷമമായവയുടെ എണ്ണം | 27 | - |
| വാടകക്ക് നൽകിയവയുടെ എണ്ണം | 25 | - |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | 2 | - |
| പട്ടിജാതി/പട്ടികവർഗ്ഗ സംവരണം- എണ്ണം | 0 | 3 |
| ഭിന്നശേഷി വിഭാഗ സംവരണം- എണ്ണം | 0 | 1 |

2) വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം കരാറുകളിൽ കെട്ടിട നമ്പർ, ലൈസൻസികളുടെ ഒപ്പ്, മറ്റ് വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. ദിലീപ് കുമാർ, മധു മുല്ലക്കൽ, ശങ്കരനാരായണൻ മുതലായവരുടെ കരാർ പത്രങ്ങൾ.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം 2/26-11-2021 ന് നൽകിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കാമെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ കടമുറികളുടെ 10 ശതമാനവും, ഭിന്ന ശേഷി വിഭാഗത്തിന് ആകെ കടമുറികളുടെ 3 ശതമാനവും സംവരണം ചെയ്ത് പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്.

ബി) വാടകക്കാരുമായി 2000 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2) ലെ ഫാറം III പ്രകാരം മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി കരാറുകൾ ചമക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം

നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിന്റെ പരിപാലനത്തിൽ താഴെ പറയുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്

(1) കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ അപേക്ഷാഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പരിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. പെർമിറ്റ് രജിസ്റ്ററിന്റെ കോളം 1-ൽ ക്രമ നമ്പരും കോളം 2-ൽ കറണ്ട് നമ്പരും ഓഫീസിൽ അപേക്ഷ ലഭിച്ച തീയതിയും നിർബന്ധമായും ചേർത്തിരിക്കണം. എന്നാൽ രജിസ്റ്ററിൽ ഇവ രണ്ടും രേഖപ്പെടുത്തുന്നില്ല.

(2) കെട്ടിട നിർമ്മാണ അപേക്ഷ ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതും നോട്ട് ഫയലിന്റെ എല്ലാ പേജുകളിലും ഫയൽ നമ്പരും പേജ് നമ്പരും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ആയത് രേഖപ്പെടുത്തുന്നില്ല.

(3) പെർമിറ്റിന്റെ സ്വഭാവം, FAR, പ്ലിന്ത് ഏരിയാ, സെക്ഷൻ ക്ലാർക്ക് ഫയൽ സമർപ്പിച്ച തീയതി, തിരികെ വന്ന തീയതി, ഒബ്ജക്ഷൻ ഉള്ള ഫയലുകളിൽ കക്ഷിക്ക് അറിയിപ്പ് കൊടുത്ത തീയതി, പണി പൂർത്തീകരിച്ച തീയതി, അസസ്മെന്റ് നമ്പർ എന്നിവ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

(4) ടൗൺ പ്ലാനിംഗ്, ഫയർഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, റെയിൽവേ അധികാരികൾ

തുടങ്ങിയവർക്ക് ഫയൽ ഫോർവേഡ് ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ ആയതിന്റെ തീയതി, മറുപടി ലഭിച്ചതിന്റെ നമ്പരും തീയതിയും ഇവ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പരിപത്രം നം. തസ്വഭവ-ആർ.എ-1/444/2019-തസ്വഭവ തിയതി 29-1-2020 ലെ നിർദ്ദേശങ്ങൾ അനുസരിച്ച് ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-17 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - പുതുക്കിയ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

എസ്.ആർ.ഒ നമ്പർ 857/2020/09.12.2020 പ്രകാരം (30.10.2020 ലെ ജി.ഒ.(പി)നം62/2020/ ത.സ്വ.ഭ.വ) കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം അസ്സൽ ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ പട്ടിക-III പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ പട്ടിക-I, പട്ടിക-II എന്നിവയുടെ കീഴിൽ കൊണ്ടു വന്ന് വേർതിരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

പുതുക്കിയ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി- അവലോകനം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ (സ.ഉ.(അ) നമ്പർ 100/2013/ തസ്വഭവ തിയതി 15.03.2013), സ.ഉ(സാധാ)നം.540/2019/ ത.സ്വ.ഭ.വ തീയതി 06.03.19 എന്നിവ പ്രകാരം ചെർപ്പുളശ്ശേരി നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി സംബന്ധിച്ചുള്ള അവലോകനം താഴെ ചേർക്കുന്നു.

2015 നവംബർ ഒന്നിനാണ് നഗരസഭ രൂപം കൊണ്ടത്. ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും തൃക്കടീരി ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകളും ചേർന്നാണ് പുതിയ നഗരസഭ രൂപീകരിച്ചത്. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുണ്ടായിരുന്നതിനെക്കാൾ കൂടിയ നിരക്കിലുള്ള വസ്തുനികുതി ആണ് നഗരസഭയിൽ ബാധകമാകിയിട്ടുള്ളത്. ജീവനക്കാരുടെ അഭാവം വസ്തുനികുതി പരിഷ്കരണത്തെ ബാധിച്ചിട്ടുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചാണ് വസ്തുനികുതി പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നത്.

നഗരസഭയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ശുചിത്വപരിപാലനം- 4%, തെരുവ് വിളക്കുകൾ- 2%, ജലവിതരണം- 3%, ഡ്രൈനേജ് - 1% എന്നിങ്ങനെയാണ് സേവന ഉപനികുതി നിരക്കുകൾ. സേവന ഉപനികുതിയിനത്തിൽ 2019-20 ൽ 19.78 ലക്ഷം രൂപ വരവുണ്ട്.

എ) വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയതും, പരിഷ്കരണ നടപടികൾ പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതുമായ നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉപയോഗം | നടപടികൾ പൂർത്തി യായവയുടെ എണ്ണം | പൂർത്തിക്കരിക്കാനു ള്ളവയുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 56 | 16 |
| 2 | ആരാധനാലയങ്ങൾ | 3 | 0 |
| 3 | ആശുപത്രികൾ | 106 | 1 |
| 4 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 49 | 4 |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 63 | 5 |
| 6 | കാർഷികാവശ്യത്തിനുള്ളവ | 9 | 2 |
| 7 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | 418 | 53 |
| 8 | പാർപ്പിടാവശ്യം | 12551 | 538 |
| 9 | മൊബൈൽ ടെലഫോൺ ടവർ | 4 | 0 |
| 10 | റിസോർട്ടുകൾ | 2 | 0 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 112 | 16 |
| 12 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 991 | 25 |
| 13 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 2106 | 257 |
| 14 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1652 | 70 |
| 15 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 | 2 |
| 16 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 12 | 0 |
| 17 | വിദ്യാഭ്യാസാവശ്യം | 58 | 5 |
| 18 | അമ്യൂസ്മെൻറ് പാർക്ക് | 0 | 0 |
| 19 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 0 | 0 |
| 20 | റസിഡൻഷ്യൽ ഹോം സ്റ്റേ | 9 | 0 |
| | ആകെ | 18492 | 1019 |

സ.ഉ.(സാധാ)നം.540/2019/ത.സ്വ.ഭ.വ തീയതി 06.03.19ലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുള്ള വസ്തുനികുതി പരിഷ്കരണ നടപടികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നുണ്ടെന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ദുരിതാശ്വാസ നിധി

മുനിസിപ്പൽ പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ചട്ടം 3(1) പ്രകാരം മുനിസിപ്പൽ ചെയർമാന്റെയും സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 1000 രൂപയാണ് (ചെക്ക് നം 25943 തീ. 19-12-2019) ധനസഹായം നൽകിയിട്ടുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായം എത്തിക്കുന്നതിനും ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 സാമൂഹികാരോഗ്യകേന്ദ്രത്തിലെ കാന്റീൻ കൈമാറൽ -ക്രമപ്രകാരമല്ല

നഗരസഭയ്ക്ക് കൈമാറികിട്ടിയ ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യകേന്ദ്രത്തിലെ കാന്റീൻ നടത്തുന്നതിനുള്ള അവകാശം 27.12.17 ലെ 7(2) തീരുമാനപ്രകാരം ശ്രീ.ജയപ്രകാശ്, പൂടിയിൽ, കാറൽമണ്ണ എന്നയാൾക്ക് പ്രതിമാസം 6650.00 രൂപ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ 27.12.17 ലെ 7(3)-ാം തീരുമാനം കാന്റീൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറുവാനും തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ.ജയപ്രകാശ് 9/18 മുതൽ 3/19 വരെയുള്ള കാലയളവിലെ വാടക കുടിശ്ശിക വരുത്തുകയും സെക്രട്ടറിയുടെ 18.6.19 ലെ 14/503-ാം ഉത്തരവ് പ്രകാരം കാന്റീൻ പൂട്ടി സീൽ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് 4/19 മുതൽ സാമൂഹികാരോഗ്യകേന്ദ്രം കാന്റീൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയാണ് വാടകയ്ക്ക് നൽകുന്നതെന്നും വാടക തുക ഈടാക്കുന്നതെന്നും 30.1121 ലെ ഓഡിറ്റ് അന്വേഷണം നം.18ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ കൈമാറിയത് ക്രമപ്രകാരമല്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി നഗരസഭ സെക്രട്ടറി എച്ച് എം സി യുമായി കരാറിൽ ഏർപ്പെടുകയും, മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-21 മെഡിക്കൽ ഓഫീസർ (സി എച്ച് സി) - പ്രൊജക്ട് നിർവ്വഹണത്തിന് ഒന്നിലധികം കാഷ് ബുക്കുകൾ പരിപാലിക്കുന്നു

മെഡിക്കൽ ഓഫീസർ, ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം 2019-20 വർഷത്തിൽ രണ്ട് പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ട് നം. 209/20 പാലിയേറ്റീവ് പരിചരണ പദ്ധതി ( പ്രൈമറി)

2. പ്രൊജക്ട് നം. 209/20 പാലിയേറ്റീവ് പരിചരണ പദ്ധതി - രണ്ടാം ഘട്ടം (സെക്കണ്ടറി)

ഈ രണ്ട് പ്രൊജക്ടുകളുടെയും വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിനായി മാത്രം രണ്ട് കാഷ് ബുക്കുകൾ പരിപാലിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാ വരവു ചെലവുകളും ഒറ്റ കാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് സ.ഉ.(പി)നം.177/2006/ഫിൻ തീ.12.4.2006 ഖണ്ഡിക 18.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്. (Each Implementing Officer Shall Also Maintain One Cash Book In Form TR 7A Which Shows Receipts And Payments Of Departmental Funds And Funds From LSGIs. For Showing Receipt And Payments Of Funds Of LSGIs Separately, A Subsidiary Register Must Be Kept). ഇതിനു വിരുദ്ധമായി 2019-20 വർഷം പദ്ധതി നിർവ്വഹണത്തിനായുള്ള വരവ് - ചെലവുകൾ രണ്ട് കാഷ് ബുക്കുകളിലായി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.29/7.12.21 ന് സമർപ്പിച്ച ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് രണ്ട് കാഷ് ബുക്കുകൾ പരിപാലിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ടി ആർ-7 എ ക്യാഷ് ബുക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നതിന് സബ്സിഡയറി രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതികൾ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 25 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തുന്നതിനായി ഒരാൾക്ക് 6250 രൂപ ക്രമത്തിൽ ആകെ 156250 രൂപ വികസന ഫണ്ടിൽ നിന്നും അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് (A/c No.714021400000008) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| കന്നുകുട്ടി പരിപാലനം | 89/20 | 312500<br>(പദ്ധതി വിഹിതം ജനറൽ -156250, സംസ്ഥാനാവിഷ്കൃതം -156250) | 156250 | 1/19-20 Dt 20.01.20 |

പദ്ധതി തുക വിനിയോഗിച്ചതിന്റെ വിവരം ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/26.11.21) മറുപടിയൊന്നും നൽകിയില്ല. പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഫണ്ട് ലാപ്സ് ആയി

2019-20 സാമ്പത്തിക വർഷത്തിൽ പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ |
|---|---|---|---|
| 1 | 171 | വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികൾ ഒരുക്കൽ -എസ്.സി | 400000 (എസ്.സി.പി) |
| 2 | 205 | സർഗ്ഗവേദി ക്യാമ്പ് | 125000 (തനത് ഫണ്ട്) |
| 3 | 208 | ചെർപ്പുളശ്ശേരി ഗവ.ഹൈസ്കൂളിലേക്ക് ഫർണ്ണിച്ചർ | 571600(ധനകാര്യകമ്മീഷൻ അവാർഡ്) |

| | | | |
|---|---|---|---|
| 4 | 269 | വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | 150000 (തനത് ഫണ്ട്) |
| 5 | 292 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് | 150000 (തനത് ഫണ്ട്) |
| 6 | 297 | നീന്തൽപരിശീലനം | 200000 (തനത് ഫണ്ട്) |
| 7 | 482 | വിജയശ്രീ പദ്ധതി | 75000 (തനത് ഫണ്ട്) |

പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ 9 പ്രൊജക്ടുകളിൽ 2 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/30.11.21) മറുപടിയൊന്നും ലഭ്യമാക്കിയില്ല.

അംഗീകാരം ലഭ്യമാകുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ഫണ്ട് ചെലവഴിക്കാതിരിക്കുന്നതുമൂലം വികസന ഫണ്ടിന്റെ ചെലവ് ശതമാനം കുറയുവാനും തുടർ വർഷങ്ങളിലെ പദ്ധതി ഫണ്ടിൽ കുറവു വരുത്തുവാനും ഇടയാകുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ(ഹോമിയോ) ക്യാഷ് ബുക്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

സ.ഉ(പി)നം.177/2006 ഫിൻ തീ. 12.04.2006 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിന് 250000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് TR 7A ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്താൻ ഒരു ക്യാഷ്ബുക്കും (Form TR 7A) തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്താൻ പ്രത്യേകമായി ഒരു സബ്സിഡയറി രജിസ്റ്ററും (Annexure B-IV) സൂക്ഷിക്കേണ്ടതാണ്.

1-25 ഗുണഭോക്തൃ വിഹിതം പിരിവ് - നഗരസഭ രശീതി ഉപയോഗിക്കേണ്ടതാണ്

2019-20 വർഷത്തെ നെൽവിത്ത് വിതരണം പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചതിലും ആയതിന്റെ ചെലവ് രേഖപ്പെടുത്തുന്നതിലും അപാകങ്ങൾ ഉള്ളതായി കണ്ടെത്തി.

പ്രോജക്റ്റ് നം- 76/20-നെൽവിത്ത് വിതരണം

അടങ്കൽ-400000(വികസന ഫണ്ട്-300000+ഗുണഭോക്തൃ വിഹിതം 100000)

ചെലവ് -299085(1/19-20,17.10.2019)

പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവില്ല. പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകളും, രജിസ്റ്ററുകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി(30/7.12.21) നൽകിയതിന് TR 5 രശീതി ബുക്ക് ആണ് ലഭ്യമായത്. 06352 നമ്പർ രശീതിബുക്ക് 0635114 മുതൽ 0635135 വരെയുള്ള രശീതികൾ മുഖേനയാണ് ഗുണഭോക്തൃ വിഹിതം പിരിച്ചിരിക്കുന്നത് . പിരിച്ച തുക വിത്ത് വാങ്ങിയ രണ്ട് സ്ഥാപനങ്ങളിലേക്കും - 21105 രൂപ KSSDA,തൃശ്ശൂർ, 81300 രൂപ NSC കഞ്ചിക്കോട്- അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ചെലവ് പദ്ധതിയുടെ ആകെ ചെലവിൽ ഉൾപ്പെടുത്താത്തിനാൽ കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് ശതമാനത്തിലും വ്യത്യാസം

വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് സ്ഥാപനത്തിന്റെ രശീതി ഉപയോഗിച്ച് ചെയ്യേണ്ടതാണ്. ഈയിനത്തിലുള്ള വരവ് ചെലവ് നഗരസഭയുടെ വാർഷിക കണക്കിൽ പ്രതിഫലിക്കേണ്ടതും, ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ നല്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനായി ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട പദ്ധതികളിൽ തുക നഗരസഭയുടെ രശീതി ഉപയോഗിച്ച് പിരിക്കുകയും ആയതിന്റ പിരിവിന്റെ വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-26 പദ്ധതി രൂപീകരണ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

ചെർപ്പുളശ്ശേരി നഗരസഭ പരിധിയിൽ ആകെ 1651 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. നെല്ല്, തെങ്ങ്, അടയ്ക്ക, കിഴങ്ങു വർഗ്ഗങ്ങൾ എന്നീ പ്രധാന വിളകൾ കൂടാതെ പച്ചക്കറികൾ, വാഴ, ഇഞ്ചി, മഞ്ഞൾ, ജാതി തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തുന്നില്ല. 2019-20 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട് 10-12-18 ന് കൂടിയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിൽ മൂന്ന് ആവശ്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 14.6.2019 ന് വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സിൽ യോഗ തിയതി, സ്ഥലം എന്നിവ രേഖപ്പെടുത്തി വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. യോഗത്തിൽ ആരെങ്കിലും പങ്കെടുത്തതായോ തീരുമാനങ്ങളെടുത്തതായോ രേഖപ്പെടുത്തിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നുള്ള നിർദേശങ്ങൾ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലേക്ക് നല്കിയിട്ടില്ല. 23.9.19ലെ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ വിവിധ പദ്ധതികൾക്കുള്ള അപേക്ഷാ ഫോം വിതരണം പാടശേഖരസമിതി മുഖേന നൽകണം, വാഴ, ഇഞ്ചി, മഞ്ഞൾ കർഷകർക്ക് സബ്സിഡി അപേക്ഷ ക്ഷണിക്കൽ, പുതുതായി ജാതി, മാവിൻതൈ വച്ചവർക്ക് സബ്സിഡി തുടങ്ങിയ കാര്യങ്ങളാണ് പരിഗണിച്ചിരിക്കുന്നത്. വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നും സ്റ്റാന്റിങ്ങ് കമ്മിറ്റിയിലേക്കും തുടർന്ന് ശുപാർശ ഭരണസമിതിയിലേക്കും നിർദേശങ്ങൾ നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

കാർഷിക മേഖലയിലെ വിദഗ്ധർ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവർ ജനങ്ങളുമായി ചർച്ച ചെയ്തു പ്രായോഗിക തലത്തിലുള്ള പ്രശ്നങ്ങൾ കൂടി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാവണം പദ്ധതി നിർദേശങ്ങൾ തയ്യാറാക്കേണ്ടത്. വൈവിധ്യമാർന്ന കൃഷിയ്ക്ക് സഹായകമായ രീതിയിൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാൻീങ്ങ് കമ്മിറ്റി, കാർഷിക മേഖലയിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

## 1-27 ഐ സി ഡി എസ് സൂപ്പർവൈസർ ജി.എസ്.ടി ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2017 ലെ കേന്ദ്ര/കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.

ചെർപ്പുളശ്ശേരി നഗരസഭയിൽ 2019-20 -ൽ അനുപൂരക പോഷകാഹാര വിതരണത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1/20 അങ്കണവാടി പൂരകപോഷകാഹാര പദ്ധതി | പ്ലാൻ ജനറൽ | 2000000 | 1411050 |
| | കേന്ദ്ര ഫണ്ട് | 1000000 | 918804 |
| | ആകെ | 3000000 | 2329854 |
| 2/20 എസ് സി കുട്ടികളുടെ | വികസന ഫണ്ട് | 200000 | 192733 |

| | | | |
|---|---|---|---|
| പൂരകപോഷകാഹാര പദ്ധതി | കേന്ദ്ര ഫണ്ട് | 200000 | 189965 |
| | ആകെ | 400000 | 382698 |

പ്രോജക്റ്റ് നം. 1/20, 4/2020 എന്നീ രണ്ടു പ്രോജക്റ്റിലുമായി ആകെ ചെലവ് ചെയ്ത തുകയിൽ 20,32,894 രൂപ സ്വദേശി ഫുഡ്സ്(സ്വദേശി ഫുഡ്സ്, GSTIN - 32ACLFS3513P1ZT) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്-ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചതിനെത്തുടർന്ന് സ്ഥാപനം നേരിട്ട് ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. (എൻക്വയറി നം 33/8.12.2021)

പ്രോജക്റ്റ് നടത്തിപ്പിൽ സേവനങ്ങളുടേയും സാധനങ്ങളുടെയും വാങ്ങൽ ഉൾപ്പെടുന്നതിനാൽ നിർവഹണ ഉദ്യോഗസ്ഥർ ജി.എസ്.ടി. ടി.ഡി.എസ് (ടാക്സ് ഡിഡക്റ്റർ) എടുക്കേണ്ടതാണ് എന്ന് സർക്കുലർ നം ഡി.എ. 1/87/2019, ത.സ്വ.ഭ.വ ,8-9-2020 ൽ നിർദേശം ഉണ്ട്. ഐ സി ഡി എസ് സൂപ്പർവൈസർ മേൽ നിർദേശം പാലിച്ചിട്ടില്ല. ജി.എസ്.ടി ടി.ഡി.എസ് (ടാക്സ് ഡിഡക്റ്റർ) എടുക്കുന്നതിനായി നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ക്ഷീരകർഷകർക്ക് മിൽക്ക് ഇന്സന്റീവ്- സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം

1. പ്രൊജക്റ്റ് നമ്പർ - 9/21

പ്രൊജക്റ്റ് – Milk Incentive Through Diary Co-Coperatves

അടങ്കൽ : രൂ.200000/-

ചെലവ്- 13350/-രൂപ ( വികസന ഫണ്ട്എസ്.സി.പി.)

ബിൽ നം. 94/12.3.20

നിർവഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

2. പ്രൊജക്റ്റ് നമ്പർ- 8/21

പ്രൊജക്റ്റ് – Milk Incentive Through Diary Co-Coperatves

അടങ്കൽ : രൂ.1200000.00 (തനത് ഫണ്ട്)

ചെലവ്- രൂ. 995095

നിർവഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

എ) ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്ന മേൽ പ്രൊജക്റ്റ് പ്രകാരം, നഗരസഭ പരിധിയിലെ കാറൽമണ്ണ, തൃക്കടീരി, ചമ്മന്നൂർ എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖയിലെ ഖണ്ഡിക 2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ ജനറൽ മിൽക്ക് ഇൻസന്റീവ് ഇനത്തിൽ തുക കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കളുടെ പേരും കൈപ്പറ്റിയ തുകയും താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാങ്ക് അക്കൗണ്ട് നമ്പർ | Requisition No & Amount |
|---|---|---|---|---|
| 1 | മുഹമ്മദ് മുസ്തഫ | 11754/- | 672202065938 Sbi | Requisition No 3127007 60119103 Total Amount:- 818122 |
| 2 | ഗീതാദേവി | 20550/- | 2505108023316 | |
| 3 | മണികണ്ഠൻ | 13554/- | 2505101029304 | |

| | | | | |
|---|---|---|---|---|
| 4 | ഉസ്മാൻ.ടി | 40000/- | 2505101032274 CNR | Requisition No 31270076 0119103 |
| 5 | ദാക്ഷായണി | 29151 | 67286907559 | |
| 6 | ഹംസ | 25956/- | 67386372904 SBI | |
| 7 | സൈതലവി | 25098/- | 205501011004843 | |
| 8 | തെയ്യുണ്ണി | 11343/- | 33478217653 | |
| 9 | സൌദാബി | 10917/- | 40279 100401488 KLG | |
| 10 | മൈമൂന | 10164/- | 2505101021527 CNR | |
| 11 | സജീന | 14469/- | 3760515093 | |
| 12 | നരായണദാസ് | 21609/- | 2505101022569 | Requisition No 312 700 760 119108 Total Amount:- 132465 |
| 13 | ശിവരാമൻ | 9000/- | 20169266335 | |
| 14 | രാധ | 9726/- | 20173605410 | |
| 15 | സുരേഷ് | 6749/- | 15320100071500 | |
| 16 | കുമാരൻ | 8649/- | 2505108027209 | Requisition No 3127007 60119131 Total Amount:- 44508 |
| 17 | ഇ.വി. സുധ | 7152/- | 1536101105020 | |

ഈ പ്രൊജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും മേൽപറഞ്ഞ ഏതാനും ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/3.12.2021) മറുപടി നൽകിയില്ല. ഈയിനത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള വരുമാന സാക്ഷ്യപത്രങ്ങളും ഹാജരാക്കിയില്ല.

ഓഡിറ്റ് നിർദേശം

ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഈയിനത്തിൽ ആനുകൂല്യം നൽകപ്പെടുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും കുടുംബ വാർഷിക വരുമാന പരിധിയുൾപ്പെടെയുള്ള സബ്സിഡി മാനദണ്ഡങ്ങൾ കർശനമായും പാലിക്കപ്പെടുന്നു എന്നും അർഹതയില്ലാത്തവർക്ക് സർക്കാർ ധനസഹായം ലഭിക്കുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-29 എസ്.സി പെൺകുട്ടികളുടെ വിവാഹ ധനസഹായം- രേഖകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നിർവഹണം നടത്തിയ എസ്.സി പെൺകുട്ടികളുടെ വിവാഹ ധനസഹായം(സ്പിൽ ഓവർ) ഫയൽ, ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും, വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച രേഖകൾ എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 334/20 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.സി. പെൺകുട്ടികളുടെ വിവാഹ ധനസഹായം |
| അടങ്കൽ തുക | 525000/- (SCP) |
| ചെലവ് തുക | 525000/- |
| ബിൽ നം, തീയ്യതി | 2/08.05.19-300000 രൂപ, 27/18.7.19- 2,25000രൂപ |

അംഗീകരിക്കപ്പെട്ട പ്രൊജക്ട് ഉൾപ്പെടെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് (നം. 18/30.11.2021) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയതില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 525000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 പ്രവൃത്തി പൂർത്തീകരണം വൈകിയതിനുള്ള പിഴ ഈടാക്കിയില്ല - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാനുലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less. The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തി പൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

1. പ്രൊജക്ട് നമ്പരും പേരും: SO.348/20-വിവിധ എൽ.ഐ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ: – 400000, ഫണ്ടിനം: 325000 – വികസനഫണ്ട് (ജനറൽ)

: 75000 – തനത് ഫണ്ട്.

ചെലവ്: 325000 , ബിൽ നം. 2/19-20/10-5-2019 – 325000രൂ.

ചെക്ക് നം. 965196/19-20/3-12-2019, – 53740 രൂ..

കരാർ: നം.157/AE/CPY/17-18, Dt: 21-3-2018 (As Per Agreement Register) – (PAC): 345349, കരാറുകാരൻ: ശ്രീ.മുഹമ്മദ് മുസ്തഫ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 20-9-2018

സ്ഥലം കൈമാറിയ തീയ്യതി. 21-3-2018

പൂർത്തീകരിച്ച തീയ്യതി: 7-3-2019, അളവു പുസ്തകം: 157/18-19

ആകെ പ്രവൃത്തി മൂല്യം: 378740

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.
ഈടാക്കേണ്ട പിഴ:
ആദ്യത്തെ ഒന്നര  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3453 (PACയുടെ 1%)
രണ്ടാമത്തെ  ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 6906 (PACയുടെ 2%)
ആകെ ഈടാക്കേണ്ടത്: 10359

ഈടാക്കിയത്: 0
ഈടാക്കിയതിൽ കുറവ്: 10359

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/1-12-2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽസൂചിപ്പിച്ച പിഴ ഈടാക്കിയതിൽ കുറവ് തുക 10359രൂ. രസിതി നം. 121030107277/ 2-12-2021 പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

2. പ്രൊജക്റ്റ് നമ്പരും പേരും: SO - 422/20 -വെള്ളാട് കുടിവെള്ള പദ്ധതി

അടങ്കൽ: – 300000, ഫണ്ടിനം: തനത് ഫണ്ട്.

ചെലവ്: 296178 ,  ചെക്ക്  നം. 406701 Dt :30-3-2020, 296178 രൂ.

കരാർ നം.153/AE/CPY/18-19, Dt: 7-1-2019 (As Per Agreement Register) – (PAC): 265448, കരാറുകാരൻ: ശ്രീ.ഓ.കെ. ബഷീർ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 7-1-2019

സ്ഥലം കൈമാറിയ തീയ്യതി. 7-1-2019

പൂർത്തീകരിച്ച തീയ്യതി: 27-9-2019, അളവു പുസ്തകം: 78/18-19

ആകെ പ്രവൃത്തി മൂല്യം: 296178

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2654 (PACയുടെ 1%)

രണ്ടാമത്തെ  ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 5308 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 7962

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 7962

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/4-12-2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽസൂചിപ്പിച്ച പിഴ ഈടാക്കിയതിൽ കുറവ് തുക 7962 രൂ. രസിതി നം. 121030107408/ 6-12-2021 പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

3. പ്രൊജക്റ്റ് നമ്പരും പേരും: SO 387/20-വേട്ടേക്കാരൻ കാവ് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ: – 100000, ഫണ്ടിനം: തനത് ഫണ്ട്.

ചെലവ്: 100000 , ചെക്ക് നം. 965201 Dt. 11-12-2019, 100000 രൂ.

കരാർ നം.18/AE/CPY/18-19, Dt: 3-8-2018 (As Per Agreement Register) -(PAC): 98688, കരാറുകാരൻ: ശ്രീ.അബൂതാഹിർ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 2-2-2019

സ്ഥലം കൈമാറിയ തീയ്യതി. 3-8-2018

പൂർത്തീകരിച്ച തീയ്യതി: 6-5-2019, അളവു പുസ്തകം: 56/18-19

ആകെ പ്രവൃത്തി മൂല്യം: 100000

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1000 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 3000

ഈടാക്കിയത്: – 0

ഈടാക്കിയതിൽ കുറവ്: 3000

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/4-12-2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽസൂചിപ്പിച്ച പിഴ ഈടാക്കിയതിൽ കുറവ് തുക 3000 രൂ. രസിതി നം. 121030107419/ 6-12-2021 പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ തന്നെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-31 എഗ്രിമെന്റ് ചമയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു

താഴെ സൂചിപ്പിച്ചിരിക്കുന്ന പദ്ധതിയിൽ എഗ്രിമെന്റ് ചമയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പരും പേരും: SO - 348/20 -വിവിധ എൽ.ഐ. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ: – 400000, ഫണ്ടിനം: 325000 വികസനഫണ്ട് (ജനറൽ)

: 75000തനത് ഫണ്ട്.

ചെലവ്: 325000, ബിൽ നം. 2/19-20 , 10-5-2019, 325000രൂ.

ചെക്ക് നം. 965196/19-20, 3-12-2019, 53740 രൂ.
കരാർ നം.157/AE/CPY/17-18, Dt: 21-3-2018 (As Per Agreement Register) -
APAC: 345349,
കരാറുകാരൻ: ശ്രീ.മുഹമ്മദ് മുസ്തഫ
എഗ്രീഡ് പി.എ.സി. 345176
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 20-9-2018
സ്ഥലം കൈമാറിയ തീയ്യതി. 21-3-2018
പൂർത്തീകരിച്ച തീയ്യതി: 7-3-2019, അളവു പുസ്തകം: 157/18-19
ആകെ പ്രവൃത്തി മൂല്യം: 378740

ടെണ്ടർ കൗൺസിൽ അംഗീകരിച്ചത് 28-2-2018 ന് ആണ്. എന്നാൽ സെലക്ഷൻ നോട്ടീസ് നൽകിയത് എന്നാണ് എന്ന് വ്യക്തമല്ല. എഗ്രിമെന്റ് വെച്ചത് 21-3-2018 ന് ആണ്. സ.ഉ(പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വൽ, 2012ലെ സെക്ഷൻ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. അല്ലെങ്കിൽ തുടർന്നുള്ള പത്ത് ദിവസത്തിനുള്ളിൽ 1% പിഴയോടുകൂടി എഗ്രിമെന്റ് വെയ്ക്കണമെന്നും അല്ലാത്തപക്ഷം റീടെണ്ടർ നടത്തണം. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.
എഗ്രമെന്റ് വെയ്ക്കാൻ വൈകിയതിന് പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 3454 രൂ. സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/1-12-2021) ലഭ്യമാക്കിയ മറുപടിയിൽ ടി തുക രസീതി നം. 121031100023/2-12-2021 പ്രകാരം അടവാക്കിയിതായി അറിയിക്കുകയും രസീതി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.
എഗ്രിമെന്റ് ചമയ്ക്കുന്നത് നിയമാനുസൃത സമയപരിധിക്കുള്ളിൽ ആണെന്നും അല്ലാത്തപക്ഷം ഉചിതമായ പിഴയോടെമാണ് എഗ്രിമെന്റ് ചമയ്ക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-32 ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അപാകത പരിഹരിച്ചു

പ്രൊജക്ട് നമ്പരും പേരും: SO - 348/20-വിവിധ എൽ.ഐ. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
അടങ്കൽ: – 400000, ഫണ്ടിനം: 325000വികസനഫണ്ട് (ജനറൽ)
: 75000തനത് ഫണ്ട്.
ചെലവ്: 325000 , ബിൽ നം. 2/19-20 , 10-5-2019, 325000രൂ.
ചെക്ക് നം. 965196/19-20, 3-12-2019, 53740 രൂ.
കരാർ നം.157/AE/CPY/17-18, Dt: 21-3-2018 (As Per Agreement Register) -(PAC): 345349,
കരാറുകാരൻ: ശ്രീ.മുഹമ്മദ് മുസ്തഫ
എഗ്രീഡ് പി.എ.സി. 345176
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 20-9-2018
സ്ഥലം കൈമാറിയ തീയ്യതി. 21-3-2018
പൂർത്തീകരിച്ച തീയ്യതി: 7-3-2019, അളവു പുസ്തകം: 157/18-19
ആകെ പ്രവൃത്തി മൂല്യം: 378740

കരാറുകാരൻ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകയായ 345349 രൂപയിൽ 0.05% കുറവാക്കി 345176 രൂപയ്ക്കാണ് കരാർ സമ്മതിച്ചിട്ടുള്ളത്. പരമാവധി ഈ തുകയ്ക്ക് ആണ് കരാറുകാരന് അർഹതയുള്ളത്. എന്നാൽ ടിയാന് പദ്ധതി ഫണ്ട്, തനത് ഫണ്ട് ബില്ലുകൾ പ്രകാരം 378740/-രൂപ നൽകിയിട്ടുണ്ട്.
ആയതിനാൽ ടിയാന് അധികം നൽകിയ 33564രൂ. സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (21/1-12-2021) ലഭ്യമാക്കിയ മറുപടിയിൽ ടി തുക രസീതി നം. 121031100023/2-12-2021 പ്രകാരം അടവാക്കിയിതായി അറിയിക്കുകയും രസീതി പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

ബിൽ തുക അനുവദിക്കുമ്പോൾ കരാർ പ്രകാരം സമ്മതിച്ച കുറവുകൾ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 പ്രവൃത്തിയിലെ ഇനങ്ങൾ ഭാഗികമായി മാത്രം നിർവ്വഹിച്ചു - ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിലെ ഇനങ്ങൾ ഭാഗികമായി മാത്രമേ ചെയ്തിട്ടുള്ളൂ.
പ്രൊജക്ട് നമ്പരും പേരും: SO-326/20-ഇളം തുരുത്തി കോളനി റോഡ് പാർശ്വഭിത്തി സംരക്ഷണം.
അടങ്കൽ: - 200000, ഫണ്ടിനം: 200000-വികസനഫണ്ട് (SCP)
ചെലവ്: 136082 രൂപ( ബിൽ നം. 23/10-5-2019)
കരാർ നം. 97/AE/CPY/18-19, Dt: 12-2-2018 (As Per Agreement Register)
കരാറുകാരൻ: ശ്രീ.സാലിഹ്
എഗ്രീഡ് പി.എ.സി. 189683
അളവു പുസ്തകം: 164/18-19
ആകെ പ്രവൃത്തി മൂല്യം: 136082

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 74 മീറ്റർ നീളത്തിൽ മൺപണി, അതേ നീളത്തിൽ കരിങ്കൽ കെട്ട്, അതിനു മുകളിൽ 75 സെ.മീ. കനത്തിൽ സിമന്റ് കോൺക്രീറ്റ് എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ എം.ബുക്ക് പ്രാകാരം ആദ്യ രണ്ട് ഇനങ്ങൾ മാത്രമാണ് ചെയ്തിരിക്കുന്നത്. കരിങ്കല്ലിന് മുകളിലുള്ള ടോപ്പ് ബെൽറ്റ് പ്രവൃത്തി നിർവ്വഹിക്കാതിരുന്നതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/1-12-2021) താഴെ രേഖപ്പെടുത്തിയ പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് എം.ബുക്ക് രേഖപ്പെടുത്തലുകൾ നടത്തിയത് 2018 ഫെബ്രുവരി മാസത്തിലാണെന്നും ഈ സമയത്ത് കോൺക്രീറ്റ് ടോപ്പ് ബെൽറ്റ് ചെയ്തിട്ടുണ്ടായിരുന്നില്ല എന്നും പിന്നീട് മാർച്ച് മാസത്തിൽ ടോപ്പ് ബെൽറ്റ് ചെയ്തെങ്കിലും അമിത ജോലിഭാരം നിമിത്തം ആയതിന്റെ മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല എന്നും ആയതിനാലാണ് എം.ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാത്തത് എന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ ഫോട്ടോകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്.
പ്രവൃത്തികളുടെ മെഷർമെന്റ് എടുത്ത് ബിൽ തുക മുഴുവനായും നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-34 ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല - ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി

തൻവർഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/- രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയിരുന്നില്ല.
ഓഡിറ്റ് അന്വേഷണം നം. 26/4-12-2021 ന് ലഭ്യമാക്കിയ മറുപടിയിൽ ബാരലിന്റെ വില കരാറുകാരിൽ നിന്ന് ഈടാക്കി അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. രസീതികളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യ മായ ബിറ്റുമിൻ (Kg) (As Per Adequacy) - ബാര ലിന്റെ ണ്ണം | ബാര ലിന്റെ എണ്ണം | ബാര ലിന്റെ വില @ 250/- | കരാറുകാർ തുക അടവാ ക്കിയ രസീതി വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 397/20- ബ്രഹ്മദത്തൻ റോഡ് റീടാറിങ്ങ്, സെയ്തലവി.കെ | ബിൽ നം.-30/ 10-7-2019- 393092/- MB No. 140/ 18-19 | VG-30- 2769.59/156 =18 RS1-249.69/ 182=2 | 18 | 5000 | No. 12103010 7476/ 7-12-2021 |
| 2 | എലിയപ്പെറ്റ കുളിയാട് റോഡ് റീടാറിംഗ് മുഹമ്മദ് മുസ്തഫ | ബിൽ നം.-4/ 10-5-2019- 375972/- MB No. 143/ 18-19 | VG-30- 2286.62/156 =19 RS1-259.44/ 182=2 | 21 | 5250 | No. 12103010 7440/ 6-12-2021 |
| 3 | ആലും കുന്ന് കോളനി റോഡ് റീടാറിംഗ് മുഹമ്മദ് മുസ്തഫ | ബിൽ നം.-54/ 18-1-2020- 3000000/- MB No. 110/ 18-19 | VG-30- 2381.81/156 =16 RS1-228.15/ 182=2 | 18 | 4500 | No. 12103010 7440/ 6-12-2021 |
| 4 | അറേക്കാവ് തെക്കുംമുറി റോഡ് റീടാറിംഗ് മുഹമ്മദ് മുസ്തഫ | ബിൽ നം.-5/ 10-5-2019- 386040/- MB No. 156/ 18-19 | VG-30- 2781.27/156 =18 RS1-260.57/ 182=2 | 20 | 5000 | No. 12103010 7440/ 6-12-2021 |

| | | | | | | |
|---|---|---|---|---|---|---|
| 5 | കാറൽമണ്ണ കാളികടവ് ബൈപാസ് റോഡ് റീടാറിംഗ്<br>കെ. ബഷീർ | ബിൽ നം.-15/ 10-5-2019- 388832/-<br>MB No. 152/ 18-19 | VG-30-2779.32/156 =18<br>RS1-254.53/ 182=2 | 20 | 5000 | No.1210301 07376/ 4-12-2021 |
| 6 | കാറൽമണ്ണ എൽ.ഐ.സി. കുന്ന് റോഡ് റീടാറിംഗ്<br>കെ. ബഷീർ | ബിൽ നം.-9/ 10-5-2019- 291005/-<br>MB No. 153/ 18-19 | VG-30-2377.85/156 =16<br>RS1-228.21/ 182=2 | 18 | 4500 | 121030107376/ 4-12-2021 |
| 7 | കുറുമാപ്പള്ളി മന റോഡ് റീടാറിംഗ്<br>സെയ്തലവി.കെ | ബിൽ നം.-41/ 17-10-2019- 3000000/-<br>MB No. 13/ 19-20 | VG-30-2461.87/156 =16<br>RS1-230.553/ 182=2 | 18 | 4500 | No. 121030107476/ 7-12-2021 |
| 8 | കുന്നം പുറം റോഡ് റീടാറിംഗ്<br>മുഹമ്മദ് മുസ്തഫ | ബിൽ നം.-33/ 17-10-2019- 3000000/-<br>MB No. 185/ 18-19 | VG-30-2181.79/156 =14<br>RS1-197.775/ 182=2 | 16 | 4000 | No. 121030107440/ 6-12-2021 |
| 9 | ജി.യു.പി. സ്കൂൾ വെള്ളോട്ടുകുറുശ്ശി റോഡ് റീടാറിംഗ്<br>പി. മുഹമ്മദ് | ബിൽ നം.-36/ 17-10-2019- 160000/-<br>MB No. 3/ 19-20 | VG-30-3236.4/156 =21<br>RS1-322.2/182 =2 | 23 | 5750 | No. 121030107441/ 6-12-2021 |
| 10 | ശ്രീധർമ്മശാസ്ത റോഡ് റീടാറിംഗ്<br>സാലിഹ് | ബിൽ നം.-32/ 17-7-2019- 3000000/-<br>MB No. 2/ 19-20 | VG-30-2415.51/156 =16<br>RS1-235.57/ 182=2 | 18 | 4500 | No. 121030107442/ 6-12-2021 |
| 11 | ഉങ്ങിൻ തറ പാലപ്പറ്റ റോഡ് റീടാറിംഗ്<br>ശ്രീ. അബ്ദുൾ സത്താർ | ബിൽ നം.-17/ 10-5-2019- 299343/-<br>MB No. 159/ 18-19 | VG-30-2165.03/156 =14<br>RS1-199.12/ 182=2 | 16 | 4000 | No. 121030107382/ 4-12-2021 |
| 12 | കാറൽമണ്ണ കിഴക്കുമുറി റീടാറിംഗ്<br>പി. മുഹമ്മദ് | ബിൽ നം.-13/ 10-5-2019- 3000000/-<br>MB No. 137/ 18-19 | VG-30-2090.16/156 =14<br>RS1-191.01/ 182=2 | 16 | 4000 | No. 121030107441/ 6-12-2021 |
| 13 | കൈതക്കൽ റോഡ് | ബിൽ നം.-16/ | VG-30-2159.56/156 | 16 | 4000 | No. 121030107442/ |

| | | | | | | |
|---|---|---|---|---|---|---|
| | റീടാറിംഗ് സാലിഹ് | 10-5-2019-293013/- MB No. 146/18-19 | =14 RS1-198.69/182=2 | | | 6-12-2021 |
| | ആകെ | | | | 60000 | |

## 1-35 കുടിവെള്ള പദ്ധതിയുടെ കിണർ കുഴിച്ച സ്ഥലം നഗരസഭയ്ക്ക് വിട്ടുനൽകിയിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെതുടർന്ന് നടപടികൾ ആരംഭിച്ചു

പ്രൊജക്ട് നമ്പരും പേരും: SO - 328/20 - കോട്ടപ്പടി പെരീരി കുടിവെള്ള പദ്ധതി

അടങ്കൽ: - 400000, ഫണ്ടിനം: 400000 വികസനഫണ്ട് (എസ്.സി.പി)

ചെലവ്: 153525, ബിൽ നം. 22/10-5-2019, 153525 രൂ.

കരാർ നം.104/AE/CPY/17-18, Dt: 29-12-2018 (As Per Agreement Register) -(PAC): 372659, കരാറുകാരൻ: ശ്രീ.ബഷീർ. പി.കെ

അളവു പുസ്തകം: 161/18-19, 162/17-18

ആകെ പ്രവൃത്തി മൂല്യം: 153525

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) കിണർ കുഴിച്ച സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. സ്ഥലം നഗരസഭയ്ക്ക് വിട്ടു നൽകിയിട്ടില്ല.

ബി) കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 22/1-12-2021 ന് ലഭ്യമാക്കിയ മറുപടിയിൽ കിണർ കുഴിച്ച സ്ഥലം നഗരസഭയുടെ ആസ്തിയിലേക്ക് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. ഇതിനായി ടിയാനിൽ നിന്നുള്ള സത്യവാങ്മൂലം മുദ്രപത്രത്തിൽ വാങ്ങിയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

